**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**പഞ്ചവൽസര/ ത്രിവത്സര എൽ എൽ ബി കോഴ്സുകളിലേക്കുള്ള പ്രവേശനം-2025**

**ട്രാൻസ്ജെൻഡർ വിഭാഗത്തിലുൾപ്പെട്ട അപേക്ഷകർക്ക് അധിക സീറ്റുകൾ അനുവദിച്ചത് സംബന്ധിച്ച്**

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രവേശന നടപടികളിൽ ഉൾപ്പെടുത്തിയ സർക്കാർ / സ്വാശ്രയ ലോ കോളേജുകളിലെ സംയോജിത പഞ്ച വത്സര / ത്രിവത്സര കോഴ്സുകളിലേയ്ക്ക് ട്രാൻസ്ജെൻഡർ വിഭാഗത്തിലുൾപ്പെട്ട അപേക്ഷകർക്ക് 29.11.2025 രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ അപേക്ഷ അതാത് കോളേജുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്.

**നിബന്ധനകൾ**

1. ഓരോ കോഴ്സിലേക്കും അധികമായി ( സൂപ്പർ ന്യൂമററി) അനുവദിച്ച സീറ്റുകളുടെ എണ്ണം 2 ആണ്.
2. അപേക്ഷകർ പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപെട്ടിട്ടുണ്ടാകണം.
3. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഉൾപെടുന്ന അപേക്ഷകരാണെന്നു തെളിയിക്കുന്ന തിരിച്ചറിയൽ കാർഡ് ( ട്രാൻസ്ജെൻഡർ പ്രൊട്ടക്ഷൻ ആക്ട് 2019 പ്രകാരം ഫോറം 5 ലോ ഫോം 6 ലോ ജില്ലാകലക്ടർ/ ജില്ലാ മജിസ്ട്രേറ്റ് നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ) അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപെട്ട കോളേജിൽ ഹാജരാക്കിയിരിക്കണം .
4. പ്രോസ്പെക്ടസ് ക്ലോസ് 19 പ്രകാരമുള്ള രേഖകൾ ( അലോട്ട്മെന്റ് മെമ്മോ ഒഴികെ ) അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപെട്ട കോളേജിൽ ഹാജരാക്കിയിരിക്കണം.
5. സർക്കാർ / സർവകലാശാല ഉത്തരവ് പ്രകാരമുള്ള ഫീസ് ബന്ധപെട്ട കോളേജിൽ അടയ്ക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിലെ

അർഹരായ അപേക്ഷകരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം 04.00 മണിക്കകം പ്രവേശനം നൽകുന്നതാണ് . പ്രവേശന വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണരുടെ പോർട്ടൽ മുഖേനെ 05.00 മണിക്കകം കോളേജ് അധികാരികൾ സമർപ്പിക്കേണ്ടതാണ് .

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 26-11-2025 17:39:52

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
26-11-2025